# ദുരന്തനിവാരണം
# ജൈവവൈവിധ്യം

## ആമുഖം

ഒരു പ്രദേശത്തിന്റെ സുസ്ഥിരമായ വികസന പ്രവർത്തനങ്ങൾക്ക് അടിസ്ഥാനവിഭവങ്ങളായ മണ്ണ്, ജലം, സസ്യസമ്പത്ത് എന്നിവയെക്കുറിച്ചുള്ള സൂക്ഷ്മതലത്തിലുള്ള അറിവ് അത്യാവശ്യമാണ്. അതാത് പ്രദേശത്തെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് അർഹമായ പരിഗണന നൽകി, ദീർഘകാലടിസ്ഥാനത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെ മാത്രമെ യഥാർത്ഥ വികസനം സാദ്ധ്യമാകും. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിൽ ദുരന്തനിവാരണ– ജൈവവൈവിധ്യം ഏറെ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയ മേഖലയാണ്. പ്രകൃതിദത്ത ജലസംരക്ഷണ സംവിധാനങ്ങളായ വയലുകൾ തണ്ണീർതടങ്ങൾ എന്നിവയിലുണ്ടാകുന്ന കുറവ് വരൾച്ചയുണ്ടാക്കുകയും അതുവഴി കാർഷിക മേഖലയെ ദുർബലപ്പെടുത്തുയും ചെയ്യുന്നു.

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും.

1924 ലെ വെള്ളപ്പൊക്കത്തിന് ശേഷം 2017 ലെ ഓഖി ചുഴലിക്കാറ്റ് മൊകേരിയെ സാരമായി ബാധിച്ചില്ലെങ്കിലും 2018–19, 2019–20 വർഷത്തിന്റെ വെള്ളപ്പൊക്കം മൊകേരി ഗ്രാമപഞ്ചായത്തിൽ തികച്ചും ദുരിത പൂർണമായിരുന്നു. പുഴകളുടെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെട്ടതിന്റെ ഭാഗമായി വള്ള്യായി പ്രദേശങ്ങളിലെ ചിറമ്മൽ ഭാഗം , ആറ്റുപുറം, കൂരാറ, കഴുങ്ങുംവെള്ളി തുടങ്ങിയ പ്രദേശങ്ങളിലെ മിക്ക വീടുകളും വെള്ളത്തിനടിലായി. ഈ മേഖലയിലെ കൃഷി, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും നാശനഷ്ടങ്ങളുണ്ടായി. 50ഓളം കുടുംബങ്ങളെ വിവിധ വീടുകളിലും കൂരാറ ഗവ.എൽ പി സ്കൂളിലും മാറ്റിപാർപ്പിക്കുകയുണ്ടായി.





# 25 വർഷത്തെ വിലയിരുത്തൽ

2018 മുതൽ തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ താളം തെറ്റുന്നതായി കാണുന്നു. ഹരിതഗ്രഹ വാതകങ്ങളുടെ വൻതോതിലുള്ള സാന്നിദ്ധ്യവും അതിന്റെ ഭാഗമായുള്ള ആഗോളതാപനവും കാരണം അതിശക്തമായ മഴ, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ ഇവയും സാധാരണമാകുന്നു.ജലസംഭരണികളായ നദികൾ, തോടുകൾ, കുളങ്ങൾ,നെൽവയലുകൾ ഇവയെല്ലാം കുറയുന്നതിനാൽ തന്നെ പ്രളയം ഉണ്ടാവുന്നു. ആഗോളതാപനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട IPCC(Inter Panel on climate change) 2020–30 നും ഇടയിൽ വലിയ വരൾച്ച, വെള്ളപ്പൊക്കം, ഭക്ഷ്യക്ഷാമം എന്നിവ ഉണ്ടാകുമെന്നും ഉണർന്നു പ്രവർത്തിക്കണമെന്നും മുന്നറിയിപ്പ് നൽകുന്നു. അത് കൊണ്ട് തന്നെ ഈ കാര്യങ്ങളിൽ മുൻകരുതൽ അത്യാവശ്യമാണ്.

മൊകേരി ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ പേരുടെയും ഉപജീവനമാർഗ്ഗം കൃഷിയാണ്. കർഷകരും കർഷകതൊഴിലാളികളുമായി 2377 പേരുണ്ട്. 3300 ഓളം പേർ ദിവസക്കൂലിക്ക് പോയി ജീവിതം കഴിക്കുന്നു. അത്കൊണ്ടു തന്നെ കാലാസ്ഥയിലെ മാറ്റം ഇതുവരെ പലപ്പോഴും ദാരിദ്ര്യത്തിലേക്ക് വലിച്ചിറക്കുന്നു

| ക്രമ നം | പ്രധാനതൊഴിൽ | എണ്ണം | പ്രധാനമായും ഉള്ള വാർഡുകൾ |
|---|---|---|---|
| 1 | കർഷകർ | 1222 | 1,2,4,10 |
| 2 | കർഷക തൊഴിലാളികൾ | 1157 | 2,4,7,8,9 |
| 3 | പരമ്പരാഗത തൊഴിലാളികൾ | 53 | 3,4,5 |
| 4 | ദിവസകൂലിക്കാർ | 3379 | |
| 5 | അതിഥിതൊഴിലാളികൾ | 250 | |
| 6 | വ്യാപാരികൾ | 86 | 3,5,10,2 |
| 7 | നിർമ്മാണ തൊഴിലാളികൾ | 1020 | എല്ലാ വാർഡുകളിലും |
| 8 | ചെറുകിട കച്ചവടക്കാർ | 105 | |
| 9 | ശമ്പള ജോലിക്കാർ(സർക്കാർ) | 253 | |
| 10 | ശമ്പള ജോലിക്കാർ(സ്വകാര്യം) | 248 | |
| 11 | പ്രവാസികൾ | 825 | |
| 12 | മറ്റുള്ളവർ | 1188 | |



പ്രളയം പോലെ തന്നെ മൊകേരിയിലെ ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയ മറ്റൊരു ദുരന്തം തന്നെയാണ് കോവിഡ്–19 മഹാമാരി. കോവിഡ്–19 മഹാമാരിയും അതോടനുബന്ധിച്ചുള്ള ലോക്ക്ഡൗണുകളും ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിച്ചു എന്ന് തന്നെ പറയാം. എന്നിരുന്നാലും പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള പ്രതിരോധപ്രവർത്തനങ്ങളും സേവനങ്ങളും ജനങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസം നൽകുന്നതായിരുന്നു.

പഞ്ചായത്തിലെ ജനങ്ങൾക്ക് കോവിഡ്–19 മഹാമാരിയെ പേടിയില്ലാതെ നേരിടാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കാൻ സഹായിക്കുന്നതിനായി മൈക്ക് അനൗൺസ്മെൻറ് നടത്തുകയും എല്ലാ വീടുകളിലും ബോധവൽക്കരണ നോട്ടീസ് വിതരണം ചെയ്യുകയും ചെയ്തു. ‘ ജീവന്റെ വിലയുള്ള ജാഗ്രത ‘ സന്ദേശം എല്ലാ പൊതുസ്ഥലങ്ങളിലും സോഷ്യൽ മീഡിയകളിലൂടെയും പ്രചരിപ്പിച്ചു. ‘ ബ്രേക്ക് ദ ചെയിൻ ‘ ക്യാമ്പയിനിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ ജനങ്ങൾക്ക് കൈകഴുകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. പഞ്ചായത്തിലെ എല്ലാ പൊതു, സ്വകാര്യ സ്ഥാപനങ്ങളും സ്കൂളുകളും ഷോപ്പുകളും അണുനശീകരണം നടത്തുകയും സാനിറ്റൈസറും മാസ്ക്കും വിതരണം ചെയ്യുകയും ചെയ്തു. ലോക്ക്ഡൗൺ കാലത്ത് കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണം വിതരണം ചെയ്യുകയും അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യകിറ്റുകൾ നൽകുയും ചെയ്തു. പഞ്ചായത്ത് തലത്തിൽ കോർ കമ്മിറ്റി രൂപീകരിച്ച് പ്രതിദിന അവലോകനം നടത്തി ആവശ്യമായ നടപടികൾ കൈകൊണ്ടു. നോഡൽ ഓഫീസറും സെക്ടറൽ മജിസ്ട്രേട്ടും ഉൾപ്പെടുന്ന കോർകമ്മിറ്റിയിൽ പ്രതിദിന അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ വാർഡ് തലത്തിൽ നൽകി. ഓരോ വാർഡിലും 5 വീതം ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ഓരോ ക്ലസ്റ്ററിന്റെയും ചുമതല ഓരോ വളണ്ടിയർമാർക്കും നൽകി. ഈ വളണ്ടിയർമാർ മുഖേന പഞ്ചായത്തിലെ ഓരോ വീടുകളും സന്ദർശിക്കുകയും നിരീക്ഷിക്കുകയും ചെയ്തുവന്നു.

പഞ്ചായത്തിൽ നിന്നും 168 ആർ.ആർ.ടി വളണ്ടിയർമാർക്കാണ് പാസ്സ് അനുവദിച്ചത്. ആർ.ആർ.ടി വളണ്ടിയർമാർ ക്വാറന്റൈനിൽ കഴിയുന്നവർക്കും ലോക്ക്ഡൗൺ സമയങ്ങളിൽ മറ്റുള്ളവർക്കും മരുന്ന്, ഭക്ഷണ സാധനങ്ങൾ തുടങ്ങി ആവശ്യമായ എല്ലാ സാധനങ്ങളും നേരിട്ട് വീടുകളിൽ എത്തിച്ചു നൽകി. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിന് ആരും തയ്യാറാകാതിരുന്നപ്പോൾ വളണ്ടിയർമാർ മുൻകൈയെടുത്ത് മൃതദേഹങ്ങൾ അടക്കം ചെയ്തു. ഹെൽത്ത് വർക്കർമാരും ആശാ വർക്കർമാരും വളണ്ട്യർമാരും രോഗികളുടെയും ക്വാറന്റൈനിൽ കഴിയുന്നവരുടെയും വീടുകൾ സന്ദർശിച്ചു. വാർ റൂം /കൺട്രോൾ റൂം സജ്ജമാക്കി. ഗതാഗത പ്ലാൻ തയ്യാറാക്കുകയും ഗതാഗത കൺട്രോൾ ടീം സജ്ജമാക്കുകയും ചെയ്തു . 24 മണിക്കൂറും പ്രവർത്തിക്കുന്ന ജനങ്ങൾക്കായുള്ള ഹെൽപ് ഡെസ്ക്ക് സംവിധാനം ഒരുക്കി . ഡോക്ടർമാർ, കൗൺസിലിംഗ് ടീം, ആമ്പുലൻസ്, സന്നദ്ധ പ്രവർത്തകരുടെ വാഹനങ്ങൾ എന്നിവരെ കണ്ടെത്തി അത്യാവശ്യഘട്ടങ്ങളിൽ ജനങ്ങൾക്കാവശ്യമായ ഇവരുടെ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ജനങ്ങൾക്ക് ഇവരുമായി നേരിട്ട് ബന്ധപ്പെടുന്നതിനായി ഫോൺ നമ്പറുകൾ പൊതുസ്ഥലങ്ങളിലും സോഷ്യൽ മീഡിയിലും പ്രചരിപ്പിച്ചു. ജനങ്ങൾക്ക് പഞ്ചായത്തിലെ കോവിഡ് രോഗികളുടെ എണ്ണവും സ്റ്റാറ്റസും അറിയുന്നതിനായി പ്രതിദിനം വാർ റൂം ബുള്ളറ്റിൻ ഇറക്കി.

രോഗികൾക്കും ക്വാറന്റൈനിൽ കഴിയുന്നവർക്കും വേണ്ടി പഞ്ചായത്ത് തലത്തിൽ ഡൊമിസിലറി കെയർ സെന്റർ (ഡിസിസി) 3 ,5 , 6, 7, 13 വാർഡുകളിൽ ഒരുക്കി . അവശ്യ ഘട്ടത്തിൽ സിഎഫ്എൽടിസി ആരംഭിക്കുന്നതിനായി കെട്ടിടവും കണ്ടെത്തി. പെർഫോമൻസ് സീനിയർ സുപ്രണ്ടിന്റെ നേതൃത്വത്തിൽ കോവിഡ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ഡി.സി.സികൾ പരിശോധിക്കുകയും ചെയ്തു.

വാർഡ് തലത്തിൽ ജനങ്ങൾക്ക് വേണ്ടി പൾസ് ഓക്സിമീറ്ററും അണുനശീകരണത്തിനായി നാപ്പ്സാക്ക് സ്പ്രേയറും വിതരണം ചെയ്തു. മൊകേരിയിലെ കപ്പകൃഷി ചെയ്ത് ജീവിക്കുന്ന കർഷകർക്ക് കോവിഡ്മൂലം വളരെ കഷ്ടപ്പാട് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അവരെ സഹായിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡണ്ടിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് ഓഫീസിൽ വച്ച് കപ്പ ചലഞ്ച് നടത്തി

കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന വിഭാഗമാണ് അതിഥി തൊഴിലാളികൾ. കോവിഡ് മഹാമാരിയുടെ ആദ്യഘട്ട ലോക്കഡൗൺ സമയത്ത് ഇവർക്ക് നാട്ടിലേക്ക് തിരിച്ചുപോകുന്നതിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും പഞ്ചായത്താണ് നൽകിയത്. പഞ്ചായത്തിൽ എത്ര അതിഥി തൊഴിലാളികൾ ഉണ്ടെന്ന് കണ്ടെത്തുന്നതിനായി വാർഡ്തലത്തിൽ സർവേ നടത്തി. ആകെ 323 അതിഥി തൊഴിലാളികളെയാണ് കണ്ടെത്തിയത്. ഇവർക്ക് ആവശ്യമായ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു..

പഞ്ചായത്തിന്റെയും പി.എച്ച്.സിയുടെയും ആഭിമുഖ്യത്തിൽ വിവിധ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. അതിൽ എടുത്ത് പറയേണ്ടതാണ് കോവിഡ്-19 ടെസ്റ്റ് ക്യാമ്പും വാക്സിനേഷൻ ക്യാമ്പും. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കോവിഡ് ടെസ്റ്റ് ക്യാമ്പ് നടത്തി. പരാമവധി ആളുകളെക്കൊണ്ട് ടെസ്റ്റ് ചെയ്യിപ്പിച്ച് പോസിറ്റീവ് ആയവരെയും അവരുടെ പ്രൈമറി കോൺടാക്ട്സിനെയും ക്വാറന്റൈനിൽ പ്രവേശിപ്പിച്ച് സാമൂഹ്യവ്യാപനം കുറയ്ക്കാൻ ശ്രമിച്ചു. മൊകേരി കുടുംബാരോഗ്യകേന്ദ്രത്തിൽ വാകസിനേഷൻ ക്യാമ്പ് ആരംഭിച്ചു. കൂടാതെ ഇതിന് പുറമെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 5 ക്യമ്പോളം കൂടുതൽ ഗവ.എൽ പി സ്കൂൾ കൂരാറയിൽ വച്ച് നടത്തി. മൊകേരി ഗ്രാമപഞ്ചായത്തിൽ ഏകദേശം 90 ശതമാനത്തോളം ആൾക്കാർ ഫസ്റ്റ് ഡോസും അതിൽ 82 ശതമാനത്തോളം ആൾക്കാർ സെക്കന്റ് ഡോസ് വാക്സിനും സ്വീകരിച്ചുകഴിഞ്ഞു.

